# ഖുർആനിലെ പ്രാർത്ഥനകളും സ്വീകാര്യതയും

**അ**ല്ലാഹുവിൽ പരിപൂർണ്ണ വിശ്വാസമുള്ള ഒരു വിശ്വാസി, എല്ലാ കാര്യങ്ങളും തന്നോട് ചോദിക്കണമെന്നത് അല്ലാഹു നിർബന്ധമാക്കിയിരിക്കുകയാണ്. ചെരുപ്പിന്റെ വാർപോലും ചോദിക്കണമെങ്കിൽ അല്ലാഹുവിനോടു ചോദിക്കുക. ഏറ്റവും വലിയ സാധനം മുതൽ ഏറ്റവും ചെറിയ സാധനംവരെ ആർക്കെങ്കിലും തരാൻ കഴിവുണ്ടെങ്കിൽ, അത് അല്ലാഹുവിന് മാത്രമെ കഴിയുകയുള്ളൂ എന്ന ദൃഢവിശ്വാസം നിലനില്ക്കുന്നതിനു വേണ്ടിയാണിത്. അവന്റെ അനുഗ്രഹമില്ലാതെ നമുക്കൊന്നുംതന്നെ കിട്ടുകയില്ല. തിന്മയിൽനിന്ന് രക്ഷപ്പെടണമെങ്കിൽ, 'അല്ലാഹുവേ, എന്നെ തിന്മയിൽനിന്നും രക്ഷിച്ചാലും' എന്ന് അവനോട് പ്രാർത്ഥിക്കേണ്ടതാണ്. സൽകർമ്മം ചെയ്യണമെങ്കിൽ, അവന്റെ മുമ്പിൽ കുനിഞ്ഞും അവനോട് സഹായം തേടിയുംകൊണ്ട് സൽക്കർമ്മം ചെയ്യാൻ അവനോട് കഴിവു നേടേണ്ടതാണ്. കാരണം നന്മ ചെയ്യാനോ ദോഷങ്ങളിൽനിന്ന് രക്ഷപ്പെടാനോ നരകത്തിന്റെ തീയിൽനിന്ന് മോക്ഷം നേടാനോ ഇഹലോകത്തേയും പരലോകത്തേയും സ്വർഗ്ഗത്തിന്റെ കാഴ്ചകൾ കാണാനോ അവന്റെ അനുഗ്രഹവും സഹായവും കൂടാതെ സാധ്യമല്ല. അങ്ങനെ അല്ലാഹുവിന്റെ അനുഗ്രഹവും അവന്റെ കാരുണ്യവും കൊണ്ടാണ് എല്ലാ കാര്യങ്ങളും ലഭിക്കുന്നതെന്നുവരുമ്പോൾ, നാം എല്ലാ കാര്യങ്ങളിലും അല്ലാഹുവിനെ സ്മരിച്ചുകൊണ്ട് അവനോട് ചോദിക്കേണ്ടത് എത്ര മാത്രം അനിവാര്യമാണ്. ഇതുതന്നെയാണ് അല്ലാഹുവിന്റെ കല്പനയും. ഇഹപരലോകങ്ങൾ അണിയിച്ചൊരുക്കുന്നതിനും ഇത് അത്യാവശ്യമാണ്. അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നു: ***ഖുൽ മാ യഅ്ബഉബിക്കും റബ്ബീ ലവ്‌ലാ ദുആഉക്കും.*** നീ പറയുക. 'നിങ്ങളുടെ പ്രാർത്ഥന ഇല്ലായിരുന്നുവെങ്കിൽ എന്റെ നാഥൻ നിങ്ങളെ വിലവെക്കുമായിരുന്നില്ല.' ഇതുസംബന്ധമായി ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. കാരണം അല്ലാഹുവിന്റെ നിയമത്തിലുള്ള വ്യവസ്ഥ ഇങ്ങനെയാണ് നിശ്ചയിച്ചിട്ടുള്ളത്. അതായത് പ്രത്യേകമായ കാരുണ്യം അവരോടൊപ്പമാണ് ഉണ്ടാകുന്നത്. (അല്ലാഹുവിന്റെ പ്രത്യേക കാരുണ്യം, കാരുണ്യത്തിനുള്ള മാർഗ്ഗത്തെ അതായത് ദുആയേയും ഏകദൈവവിശ്വാസത്തേയും സ്വീകരിക്കുന്നവരുടെ കൂടെയായിരിക്കും). ഈ വഴി ആരാണോ ഉപേക്ഷിക്കുന്നത് അവൻ പലവിധ വിപത്തുകളിൽ അകപ്പെടുന്നു. അല്ലാഹുവിന് ആരുടെയെങ്കിലും ജീവിതമോ, ആരെയെങ്കിലുമോ ആവശ്യമില്ല. അവൻ പരാശ്രയരഹിതനാണ്. പിന്നീട് പറഞ്ഞു: അവരോടു പറയുക, നിങ്ങൾ സൽക്കർമ്മകാരികളും, അവനെ സ്മരിക്കുന്നവരുമല്ലെങ്കിൽ എന്റെ ദൈവം നിങ്ങളുടെ ജീവിതത്തെ എന്തുവിലവെക്കാനാണ്. അവിടന്ന് പറയുന്നു: തന്റെ ജീവിതത്തിന്റെ യഥാർത്ഥ ലക്ഷ്യം മനസ്സിലാക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യേണ്ടത് സത്യവിശ്വാസിയുടെ കടമയാണ്. അല്ലാഹു പറയുന്നു: ***ഖുൽ മാ യഅ്ബഉബിക്കും റബ്ബീ ലവ്‌ലാ ദുആഉക്കും***. നിങ്ങൾ അവനെ ആരാധിക്കുകയും അവനോട് സഹായം തേടുകയും ചെയ്യുന്നില്ലെങ്കിൽ അല്ലാഹു നിങ്ങളെ എന്തുവിലവെക്കാനാണ്. ഈ വചനവും, ***മാ ഖലഖ്തുൽജിന്ന വൽ ഇൻസ ഇല്ലാ ലിയഅ്ബുദൂൻ*** എന്നതിന്റെ വ്യാഖ്യാനമാണ്. എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ജിന്നിനേയും ഇൻസിനേയും ഞാൻ സൃഷ്ടിച്ചിട്ടില്ല.(51:57) മനുഷ്യസൃഷ്ടിപ്പിന്റെ ഉദ്ദേശ്യം ആരാധിക്കുക എന്നതാണെന്ന കാര്യം ഇതിൽ അടങ്ങിയിരിക്കുന്നു. ദീനീകാര്യങ്ങളിൽ അശ്രദ്ധ കാണിക്കുന്നവരെ വിപത്തുകളിലിടാൻ അല്ലാഹു മടിക്കുന്നില്ല. ഇതിൽനിന്ന് ദീനീകാര്യങ്ങളിൽ ശ്രദ്ധ ചെലുത്തുന്നവരെ മരിപ്പിക്കുന്നതിലും നാശങ്ങളിൽ അകപ്പെടുത്തുന്നതിലും അല്ലാഹു ധിറുതി കാണിക്കുകയില്ലെന്ന് സ്ഥാപിതമായി. ദുആയിൽ മുഴുകിക്കൊണ്ടിരിക്കുക. ദുആ ചെയ്യാത്തവനും കന്നുകാലികളും തമ്മിൽ ഒരു വ്യത്യാസവുമില്ല. അതുകൊണ്ട് ഇത് അങ്ങേയറ്റം നിർബന്ധമായ കല്പനയാണെന്ന കാര്യം നാം ഓർമ്മവയ്ക്കേണ്ടതാണ്. നമ്മുടെ ജീവിതത്തിന് അങ്ങേയറ്റം പ്രധാനപ്പെട്ട കാര്യമാണിത്. നമ്മുടെ ശ്രദ്ധ എപ്പോഴും ദുആയിലേക്കിരിക്കണമെന്നത് അത്യന്താപേക്ഷിതമാണ്. ഇതിനേക്കാൾ സന്തോഷകരമായ കാര്യവും നമ്മുടെ

മോചനത്തിനുള്ള ജാമ്യവും മറ്റെന്താകാനാണ്. നിങ്ങളുടെ ഇഹലോകവും പരലോകവും അലങ്കരിക്കുന്നതിന് ദുആ നിർബന്ധമാണെന്നും എന്നാൽ, തനിക്കതുകൊണ്ട് ഒരു നേട്ടവുമില്ലെന്നും, പക്ഷേ, ഇക്കാര്യങ്ങൾ നിങ്ങൾ ചെയ്യുമ്പോൾ തനിക്ക് സന്തോഷമുണ്ടാകുന്നുവെന്നും അല്ലാഹു പറഞ്ഞിരിക്കുന്നു. കാരണം എന്റെ ഒരു ദാസൻ ശയ്ത്വാന്റെ വലയിൽ കുടുങ്ങുന്നതിൽനിന്ന് രക്ഷപ്പെടുകയാണ്. അല്ലാഹു പറയുന്നു: എന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടി മാത്രം എന്റെ ദാസൻ ചെയ്യുന്ന പ്രാർത്ഥന, എന്നിൽ സർവ്വവും ഭരമേൽപിച്ചുകൊണ്ട് ചെയ്യുന്ന പ്രാർത്ഥന തീർച്ചയായും ഞാൻ കേൾക്കുന്നു. അഹങ്കാരികളുടെ സങ്കേതം നരകമാണ്. അവൻ പറയുന്നു: ***വ ഖാല റബ്ബുക്കുമുദ്ഊനീ അസ്തജിബ്ലക്കും. ഇന്നല്ലദീന യസ്തക്ബിറൂന അൻ ഇബാദത്തീ സയദ്ഖുലൂന ജഹന്നമ ദാഖിരീൻ.***

നിങ്ങളുടെ നാഥൻ പറഞ്ഞു: നിങ്ങൾ എന്നോടു പ്രാർത്ഥിക്കുക. ഞാൻ നിങ്ങൾക്ക് ഉത്തരം നല്കും. എന്നെ ആരാധിക്കുന്നതിൽനിന്ന് തങ്ങളെ ഉന്നതരായിട്ട് മനസ്സിലാക്കുന്നവർ തീർച്ചയായും നരകത്തിൽ നിന്ദ്യരായി കടക്കുന്നതാണ്.(*40:61*)

ഇതുസംബന്ധമായി ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ദുആ സ്വീകാര്യതയുടെ മസ്അല- പ്രശ്നം യഥാർത്ഥത്തിൽ ദുആയുടെ പ്രശ്നത്തിന്റെ ഒരു ശാഖയാണ്. ആരാണോ യഥാർത്ഥ കാര്യം മനസ്സിലാക്കിയിട്ടില്ലാത്തത് അവന് അതിന്റെ വ്യാഖ്യാനം മനസ്സിലാക്കുന്നതിലും ബുദ്ധിമുട്ടുണ്ടാകുകയും ചതിപറ്റുകയും ചെയ്യും എന്നത് വസ്തുതയാണ്. ദുആയുടെ സത്ത് എന്ന് പറയുന്നത്, ഭാഗ്യവാനായ ഒരു മനുഷ്യനും അവന്റെ രക്ഷിതാവും തമ്മിലുള്ള ഒരു ആകർഷണബന്ധമാണ്. അതായത്, ആദ്യം അല്ലാഹുവിന്റെ റഹ്മാനിയ്യത്ത്-കാരുണ്യം മനുഷ്യനെ തന്നിലേക്ക് വലിച്ചടുപ്പിക്കുന്നു. പിന്നീട് മനുഷ്യന്റെ അത്തരത്തിലുള്ള ആകർഷണംകൊണ്ട് അല്ലാഹു അവന്റെ സമീപസ്ഥനായിത്തീരുന്നു. ദുആയുടെ അവസ്ഥയിൽ ആ ബന്ധം ഒരു പ്രത്യേക നിലയിലെത്തുകയും അതിന്റെ പ്രത്യേക അത്ഭുതം സൃഷ്ടിക്കുകയും ചെയ്യുന്നു. മനുഷ്യൻ ഏതെങ്കിലും കഠിനമായ വിപത്തിൽ അകപ്പെട്ടുകൊണ്ട്, അല്ലാഹുവിലേക്ക് പൂർണ്ണവിശ്വാസത്തോടും, പൂർണ്ണപ്രതീക്ഷയോടും, പൂർണ്ണസ്നേഹത്തോടും, പൂർണ്ണകൂറോടും, പൂർണ്ണ ധൈര്യത്തോടും കൂടി കുനിയുകയും അങ്ങേയറ്റം വേദനയോടെ അശ്രദ്ധയുടെ പർദ്ദയെ കീറിമുറിച്ചുകൊണ്ട് ഫനായുടെ- വിലയനത്തിന്റെ മൈതാനത്തിൽ മുന്നോട്ടുമുന്നോട്ടു ഗമിക്കുകയും ചെയ്യുമ്പോൾ, പിന്നീട് അവൻ മുന്നിൽ കാണുന്നത് ഏകനായ അല്ലാഹുവിന്റെ തിരുസന്നിധിയായിരിക്കും. അവനോടൊപ്പം പങ്കാളികളാരുമില്ല. അപ്പോൾ അവന്റെ ആത്മാവ് ആ ഉമ്മറപ്പടിയിൽ തന്റെ തലവയ്ക്കുന്നു. അവനിൽ നിക്ഷേപിക്കപ്പെട്ട ആകർഷണശക്തി അല്ലാഹുവിന്റെ ദാനങ്ങളെ തന്നിലേക്ക് വലിച്ചടുപ്പിക്കുന്നു. അപ്പോൾ പ്രതാപവാനായ അല്ലാഹു, ആ ജോലി പൂർത്തിയാക്കുന്നതിലേക്ക് ശ്രദ്ധിക്കുന്നു. ഈ ദുആയുടെ സ്വാധീനശക്തി, അതിന്റെ ഫലം കരസ്ഥമാക്കുന്നതിനുവേണ്ടതായ എല്ലാ വസ്തുക്കളുടെ മേലും പതിക്കുന്നു. ഉദാഹരണത്തിന്, മഴയ്ക്കുവേണ്ടിയാണ് പ്രാർത്ഥിച്ചതെങ്കിൽ, ദുആ സ്വീകരിച്ചതിനുശേഷം മഴ പെയ്യാൻ പ്രകൃതിയിൽ എന്തൊക്കെ ആവശ്യമുണ്ടോ അതെല്ലാം സൃഷ്ടിക്കുന്നു. വരൾച്ചയുണ്ടാകാനുള്ള ശാപപ്രാർത്ഥനയാണെങ്കിൽ, സർവ്വശക്തനായ അല്ലാഹു വിരുദ്ധങ്ങളായ കാരണങ്ങൾ സൃഷ്ടിക്കുന്നു. ഇക്കാരണത്താൽ, ദൈവത്തിൽനിന്ന് ദർശനം ഉണ്ടാകുന്നവരുടെയും വിശ്വാസപൂർണ്ണത കൈവരിച്ചവരുടെയും അനുഭവങ്ങളിലൂടെ, അവരുടെ പ്രാർത്ഥനയിൽ ഒരു തികവുറ്റ ശക്തി ഉണ്ടാകുന്നു എന്ന കാര്യം സ്ഥാപിതമായിക്കഴിഞ്ഞിട്ടുള്ളതാണ്. അതായത്, അല്ലാഹുവിന്റെ കല്പനയാൽ ആ ദുആ മേൽലോകത്തും കീഴ്ലോകത്തും നിയന്ത്രണം ചെലുത്തുന്നു. മൂലകങ്ങളേയും ആകാശഗോളങ്ങളേയും മനുഷ്യമനസ്സുകളേയും സഹായം എത്തേണ്ട ഭാഗത്തേക്ക് കൊണ്ടുവരുന്നു."

ഈ വചനങ്ങളിൽ അവിടന്ന് ദുആ സ്വീകാര്യതയുടെ തത്ത്വശാസ്ത്രമാണ് പറഞ്ഞിട്ടുള്ളത്. ദുആയുടെ യാഥാർത്ഥ്യത്തെക്കുറിച്ച് അറിവുണ്ടെങ്കിൽ, ദുആ സ്വീകാര്യതയെക്കുറിച്ചും അറിവുണ്ടായിരിക്കേണ്ടതാണ്. അതായത്, ദുആയുടെ തത്ത്വശാസ്ത്രമെന്താണെന്ന്. മനുഷ്യനിലും അല്ലാഹുവിലും പരസ്പരം ആകർഷിച്ചെടുക്കുന്നതിന് ഒരു ശക്തിയുണ്ട്. ഈ ശക്തി എങ്ങനെയാണ് പ്രവർത്തിക്കുന്നത്. പറഞ്ഞു: ഇതിൽ തുടക്കം കുറിക്കുന്നത് അല്ലാഹുവാണ്. തന്റെ റഹ്മാനിയ്യത്തിന്റെ- കാരുണ്യത്തിന്റെ തേജോവിലാസം അവൻ കാണിക്കുന്നു. ചിന്തിക്കുകയാണെങ്കിൽ മനുഷ്യസൃഷ്ടിപ്പിന്റെ മുമ്പേതന്നെ, ഈ റഹ്മാനിയ്യത്തിന്റെ തേജോവിലാസം ആരംഭിച്ചിട്ടുള്ളതായി കാണാം. പിന്നീട് ഓരോ ചുവടിലും, ഓരോ നിമിഷവും മനുഷ്യജീവിതത്തിൽ, തന്റെ കാരുണ്യത്തിന്റെ തേജോവിലാസം അല്ലാഹു കാണിച്ചുകൊണ്ടേ പോകുന്നു. എത്രയെത്ര നിഅ്മത്തുകൾ കൊണ്ടാണ് അനുഗ്രഹിക്കുന്നത്. ഇത് 'റബ്ബുആലമീൻ' എന്നതിന്റെ

വിശാലമായൊരു വിഷയമാണ്. അല്ലാഹു നല്കിയിട്ടുള്ള ഈ നിഅ്മത്തുകളേയും ഫള്‌ലുകളേയും റഹ്മത്തുകളേയും മനുഷ്യൻ എപ്പോഴും ഓർമ്മിക്കേണ്ടതാണ്. ഭാഗ്യവാനും സൽപ്രകൃതനുമായ മനുഷ്യൻ എന്തായാലും എപ്പോഴും അവനെ ഓർമ്മിക്കുന്നതാണ്. അല്ലാഹുവുമായി സത്യസന്ധമായ ബന്ധം പുലർത്തുകയും എപ്പോഴും അവന്റെ സ്നേഹം സ്വരുക്കൂട്ടുന്നതിന് അവന്റെ കല്പനകളിൽ ദൃഷ്ടി പതിപ്പിക്കുകയും എല്ലായ്പ്പോഴും അവന്റെ തൃപ്തി ലഭിക്കണമെന്ന വാഞ്ഛ മനസ്സിൽവയ്ക്കുകയും ചെയ്യുക എന്നത് ഒരു സത്യവാനായ വിശ്വാസിയുടെ ലക്ഷണമാണ്. അല്ലാഹുവിന് മാത്രമായിക്കൊണ്ട് പൂർണ്ണമായ സത്യസന്ധതയോടും, പവിത്രതയോടും കൂടി ഒരു സത്യവിശ്വാസി അല്ലാഹുവിന്റേതായിത്തീരുമ്പോൾ അല്ലാഹു അവനോട് കൂടുതൽ അടുത്തായിത്തീരുന്നു. അല്ലാഹു തന്റെ ദാസനോട് അത്രയും അടുത്തുവരുമ്പോൾ അവനും ദാസനും തമ്മിൽ പരസ്പരം വലിച്ചടുപ്പിക്കുന്നു. ദാസൻ ദുആ ചെയ്യുമ്പോൾ, അത്തരം അവസ്ഥയിൽ ചെയ്തിട്ടുള്ള ദുആകൾ ഒരു മനുഷ്യന്റെ സങ്കല്പത്തിനതീതമായ നിലയിൽ അത്ഭുതം കാണിക്കുന്നു. ഈ അവസ്ഥ ഉണ്ടാക്കേണ്ട ആവശ്യമാണ് നമുക്കിന്നുള്ളത്. ഇതാണ് വാഗ്ദത്ത മസീഹ്(അ) വിവരിച്ചിട്ടുള്ളത്.

ലോകത്തെയൊന്ന് നാം നിരീക്ഷിച്ചുനോക്കുക. ബുദ്ധിമുട്ടിന്റെ നേരത്ത് ആത്മാർത്ഥമായി അല്ലാഹുവിന്റെ സവിധത്തിൽ ആരെങ്കിലും കുനിയുമ്പോൾ– ആ സമയത്ത് ഭൗതികകാര്യങ്ങളോടുതൽപരതയോ ശ്രദ്ധയോ ഒന്നും ഉണ്ടാകുകയില്ല. അല്ലാഹുവിലേക്ക് മാത്രമായിരിക്കും തിരിഞ്ഞിട്ടുണ്ടാകുക. അല്ലാഹുവിന്റെ അസ്തിത്വം ഒന്നുമാത്രമായിരിക്കും മുന്നിലുണ്ടായിരിക്കുക. ആ വ്യക്തിയുടെ ഉള്ളിൽ ബുദ്ധിമുട്ട് ഒരു പ്രത്യേക അവസ്ഥ സൃഷ്ടിച്ചിട്ടുണ്ടാകും. അതുകൊണ്ട് മിക്ക ആളുകളും ഇങ്ങനെ ദുആ ചെയ്യുമ്പോൾ ദുആ സ്വീകാര്യതയുടെ കാഴ്ചകളും അവർ കാണുന്നു.

അല്ലാഹുവിന്റെ റഹ്മാനിയ്യത്തിനെ, കാരുണ്യത്തെ മുമ്പിൽവെച്ചുകൊണ്ട്, അവന്റെ അടുത്താകാൻ ശ്രമിച്ചുകൊണ്ടിരിക്കേണ്ടതാണ്. ഒരു പ്രശ്നം ഉണ്ടായതിനുശേഷം, ഒരു ബുദ്ധിമുട്ട് അകന്നതിനുശേഷം അവനോട് അടുക്കുന്ന പരിശ്രമം ഉപേക്ഷിച്ചുകളയരുത്. അങ്ങനെ വരുമ്പോൾ സ്ഥിരമായി അല്ലാഹു ദുആ സ്വീകാര്യതയുടെ കാഴ്ചകൾ കാണിക്കുന്നതാണ്. അല്ലാഹുവിന്റെ ദാനങ്ങളെ എപ്പോഴും തങ്ങളിൽ വർഷിച്ചുകൊണ്ടിരിക്കുന്നതിന് അവന്റെ അടുത്തിരിക്കാൻ മനുഷ്യൻ പരിശ്രമിച്ചുകൊണ്ടിരിക്കേണ്ടതാണ്. അങ്ങനെ ആ മനുഷ്യൻ ദുആ ചെയ്യുമ്പോൾ അവന്റെ ആവശ്യങ്ങൾ പൂർത്തിയാക്കുന്നതിന് അല്ലാഹു ഭൗതികമായ എല്ലാ കാരണങ്ങളേയും കോർത്തിണക്കുന്നു. ആകാശത്തും ഭൂമിയിലുമുള്ള എല്ലാ മാർഗ്ഗങ്ങളേയും തന്റെ ദാസനെ സഹായിക്കാൻ എഴുന്നേല്പിച്ചുനിർത്തുന്നു. ചിലപ്പോൾ ദുആ സ്വീകരിച്ചുകൊണ്ട് മഴ പെയ്യിക്കുന്നു. ചിലപ്പോൾ, തന്റെ ദാസൻ അവന്റെ ശത്രുവിനുവേണ്ടി ചെയ്യുന്ന ശാപപ്രാർത്ഥന കേട്ടുകൊണ്ട്, വരൾച്ചയ്ക്കും വിപത്തുകൾക്കുമുള്ള സാഹചര്യം ഉണ്ടാക്കുന്നു. ദുആ സ്വീകാര്യത്തിന് ഈ അവസ്ഥ ഒരു സത്യവിശ്വാസിയുടെ മനസ്സിൽ ഉണ്ടാകേണ്ടതാണ്. ഈ അവസ്ഥയാണ് ഓരോ അഹ്മദിയും തങ്ങളുടെ മനസ്സിൽ ഉണ്ടാക്കേണ്ടത്.

കഴിഞ്ഞ ഖുത്ബകളിൽ ഞാൻ മഹാത്മാക്കളുടെ ദുആ അല്ലാഹു സ്വീകരിച്ചതിനെ സംബന്ധിച്ച് പറഞ്ഞിരുന്നു. ആ മഹാത്മാക്കൾ ഈ സ്ഥാനത്ത് എത്തിയവരായിരുന്നു. അവരുടെ അവസ്ഥ ആ രീതിയിലായപ്പോൾ അല്ലാഹു ദുആ സ്വീകരിച്ചു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇപ്പോഴും അത്തരക്കാരുണ്ട്. ഇന്നും ആ അല്ലാഹു തന്നെയാണുള്ളത്. അവൻ തന്റെ വാതിൽ ഒരിക്കലും അടച്ചിട്ടില്ല. സത്യസന്ധമായ ഒരു ആകർഷണത്തോടുകൂടി അല്ലാഹുവിന്റെ അടുത്താകേണ്ട ആവശ്യം മാത്രമേയുള്ളൂ. അല്ലാഹുവിന്റെ കാരുണ്യത്തിന്റെ ഈ ഉത്സാഹവും ഒന്നു നോക്കുക. അവൻ ഭൗതികകാര്യങ്ങൾ പൂർത്തിയാക്കിത്തരുന്നു. അതിനെ സത്യവിശ്വാസിയും അവിശ്വാസിയും ഒരുപോലെ പ്രയോജനപ്പെടുത്തുന്നു. എങ്ങനെയാണ് വിവിധ സമയങ്ങളിൽ തന്നെ വിളിക്കേണ്ടതെന്നും എങ്ങനെയാണ് തന്റെ അടുത്തുവരേണ്ടതെന്നുമുള്ള രീതിയും സത്യവിശ്വാസിക്ക് പറഞ്ഞുകൊടുക്കുന്നു. അല്ലാഹുവും മനുഷ്യനും ഏറ്റവും അടുത്തായിത്തീരേണ്ടതാണ്. പറഞ്ഞു:

***ഖുലിദ്ഉല്ലാഹ അവിദ്ഉർറഹ്മാൻ. അയ്യാമൻ തദ്ഊ ഫലഹുൽഅസ്മാഉൽ ഹുസ്നാ***

പറയുക, നിങ്ങൾ 'അല്ലാഹു' എന്ന് വിളിച്ചുകൊള്ളുക. അല്ലെങ്കിൽ 'റഹ്മാൻ' എന്നു വിളിച്ചുകൊള്ളുക. നിങ്ങൾ ഏത് പേരിൽ വിളിച്ചാലും ഏറ്റവും നല്ല പേരുകൾ അവനുള്ളതാണ്. (17:111)

തനിക്ക് വിവിധ നാമങ്ങളുണ്ടെന്നും സവിശേഷഗുണങ്ങളുണ്ടെന്നും അല്ലാഹു പറയുന്നു. നിങ്ങൾ നിങ്ങളുടെ ആവശ്യമനുസരിച്ച് എന്റെ നാമം എടുത്തുപറഞ്ഞുകൊള്ളുക. എന്റെ സവിശേഷഗുണങ്ങൾ എടുത്തുപറഞ്ഞുകൊണ്ട് എന്നെ വിളിക്കുക.

ഞാനെന്റെ നാമം എന്റെയടുത്തു വയ്ക്കുന്നവനാണ്. എന്റെ ദാസൻ ആ അവസ്ഥയിലെത്തുമ്പോൾ– അതാണ് ഞാൻ വിവരിച്ചുവന്നത്– ഞാനവനെ അനുഗ്രഹിക്കുന്നതാണ്. റഹ്മാനിയ്യത്ത് ആവശ്യമുള്ളപ്പോൾ എന്റെ റഹ്മാനിയ്യത്ത് എന്റെ ദാസനുവേണ്ടി അലയടിച്ചുവരും. ഇനി റഹീമിയ്യത്ത് അവശ്യമുണ്ടെങ്കിൽ റഹീമിയ്യത്ത് ആ ദാസനുവേണ്ടി അലയടിച്ചുയരും. 'വഹാബ്' എന്ന പേരെടുത്ത് വിളിച്ചാൽ അല്ലാഹുവിന്റെ വരദാനത്തിന്റെ കവാടങ്ങൾ തുറന്നുകൊണ്ടേപോകും. ചുരുക്കത്തിൽ അല്ലാഹുവിന് അസംഖ്യം പേരുകളുണ്ട്. ഈ എല്ലാ പേരുകളും നമ്മെ പഠിപ്പിച്ചത് നമ്മുടെ ദുആ സ്വീകരിക്കുന്നതിനുവേണ്ടിയാണ്. ഈ സിഫത്തുകളെല്ലാം അല്ലാഹു തന്റെ ദാസരുടെമേൽ പ്രകടിപ്പിച്ചിട്ടുള്ളത്– അതിന്റെ അറിവും ജ്ഞാനവും കരസ്ഥമാക്കിക്കൊണ്ട്, ഈ സിഫത്തുകൾ എടുത്തുപറഞ്ഞുകൊണ്ട് അവനെ വിളിക്കാനാണ്. നമ്മുടെ ദൈവം നമ്മോടു ഇത്രമാത്രം ദയ കാണിക്കുകയും, ഈ രീതിയിൽ തന്നിലേക്കുള്ള വഴി പറഞ്ഞുതരികയും ശയ്ത്വാന്റെ ഉപദ്രവത്തിൽനിന്ന് രക്ഷപ്പെടുത്താനാഗ്രഹിക്കുകയും ചെയ്യുമ്പോൾ അവനോട് ആത്മാർത്ഥത പുലർത്തിക്കൊണ്ട് അവന്റെ തിരുസന്നിധിയിൽ സത്യവിശ്വാസി സദാ പ്രാർത്ഥനാനിരതനാകേണ്ടതാണ്.

ഇന്ന് ഞാൻ ഖുർആനിലെ ചില ദുആകൾ തിരഞ്ഞെടുത്തിട്ടുണ്ട്. അവൻ നമ്മെ വിവിധ അവസരങ്ങളിൽ ചെയ്യേണ്ട ദുആ പഠിപ്പിച്ചുവെന്നതും അല്ലാഹുവിന്റെ റഹ്മാനിയ്യത്താണ്. മുൻകഴിഞ്ഞ നബിമാർ ചെയ്ത ദുആയും നബി(സ) തിരുമേനി മുഖേന നമ്മെ പഠിപ്പിച്ചു. അതിനെ പ്രയോജനപ്പെടുത്തിക്കൊണ്ട് ഫലമെടുത്തുകൊണ്ട്, അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ അവകാശികളാകുന്നതോടൊപ്പം നമ്മുടെ ഇഹലോകവും പരലോകവും അലങ്കരിച്ച് ഒരുക്കുന്നവരും ആയിത്തീരാൻ വേണ്ടിയാണിത്. അല്ലാഹു നമ്മോട് ഔദാര്യം കാണിച്ചുകൊണ്ട്, തന്റെ പാരിതോഷികങ്ങൾ കൊണ്ടനുഗ്രഹിക്കുമ്പോൾ അഹങ്കാരിയാകുന്നതിനും പൊങ്ങച്ചം കാണിക്കുന്നതിനും പകരം അല്ലാഹുവിന്റെ സന്നിധിയിൽ കുമ്പിടേണ്ടതാണ്. ആർക്കെങ്കിലും ഒരു ഉന്നതോദ്യോഗസ്ഥനെ കിട്ടിയാൽ, അവന്റെ ബുദ്ധി ആകാശംമുട്ടേയായിത്തീരുന്നു! ആർക്കെങ്കിലും ഗുണമുള്ള തൊഴിൽ കിട്ടിയാൽ അവന്റെ പാദം മണ്ണിൽ ഉറയ്ക്കുകയില്ല. ചിലർ നല്ല കുടുംബത്തിൽ പിറന്നതുകൊണ്ട് പൊങ്ങച്ചം കാണിക്കുന്നു. ചിലർക്ക് തന്റെ ബുദ്ധിപരമായ കഴിവിൽ അഹന്തയുണ്ടാകുന്നു. അപ്പോൾ സമസൃഷ്ടികളോടുള്ള കടമയോ, അല്ലാഹുവിനോടുള്ള കടമയോ നിറവേറ്റുകയില്ല. പക്ഷേ, അല്ലാഹു തന്റെ ഒരു ഉത്തമ ദാസന്റെ ഉദാഹരണം നല്കിക്കൊണ്ട് ഒരു ദുആ പഠിപ്പിക്കുന്നു. ഇക്കാര്യങ്ങളിൽ പൊങ്ങച്ചം കാണിക്കുന്നതിനു പകരം അല്ലാഹുവിന്റെ മുമ്പിൽ കുനിയുക. എന്നാൽ അവന്റെ അനുഗ്രഹങ്ങൾക്ക് അവകാശിയാകും.

പറഞ്ഞു: ***റബ്ബി ഖദ് ആതയ്തനീ മിനൽ മുൽക്കി വ അല്ലംതനീ മിൻ തഅവീലിൽഅഹാദീഥി ഫാതിറസ്സമാവാത്തി വൽ അർള്, അൻത വലിയ്യീ ഫിദ്ദുൻയാ വൽആഖിറ. തവഫ്ഫനീ മുസ്ലിമൻ വ്വ അൽഹിഖ്നീ ബിസ്സ്വാലിഹീൻ.***

എന്റെ നാഥാ! നീ എനിക്ക് തീർച്ചയായും ആധിപത്യത്തിൽ ഒരു ഭാഗം നല്കിയിരിക്കുന്നു. കാര്യങ്ങളുടെ യാഥാർത്ഥ്യം മനസ്സിലാക്കാനുള്ള അറിവും നല്കി. ആകാശങ്ങളുടേയും ഭൂമിയുടേയും സ്രഷ്ടാവേ ഇഹത്തിലും പരത്തിലും നീ എന്റെ സുഹൃത്താണ്. ഞാൻ അനുസരണയുള്ളവനായിരിക്കുന്ന അവസ്ഥയിൽ നീ എന്നെ മരിപ്പിച്ചാലും. എന്നെ സുകൃതവാന്മാരുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയാലും. (*12:102*)

അതായത് എനിക്ക് നൽകിയിരിക്കുന്ന ഈ അനുഗ്രഹങ്ങളെല്ലാം എന്നോടുള്ള നിന്റെ പെരുമാറ്റത്തിന്റെ കണ്ണാടിയാണ്. സത്യസന്ധതയോടുകൂടി ഞാൻ നിന്നിലേക്ക് വന്നപ്പോൾ നീയെന്നെ സ്വീകരിച്ചു. എനിക്കീ സ്ഥാനം നൽകി. ഏതുപോലെ നീ ഈ ലോകത്ത് ഈ സുഹൃത്ബന്ധത്തിന്റെ കാഴ്ച എനിക്ക് കാണിച്ചുതന്നുവോ അതുപോലെ പരലോകത്തും നീ എന്റെ സുഹൃത്തായിരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. അതുകൊണ്ട്, പൂർണ്ണമായും അനുസരണാവസ്ഥയിലായിരിക്കുമ്പോൾ നീ എന്നെ മരിപ്പിക്കേണമേ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു; പരലോകത്തും സുകൃതവാന്മാരോടൊപ്പം ഇരിക്കുന്നതിനുവേണ്ടി. അവർ സ്വർഗ്ഗത്തിലെപ്പോഴും നിന്നെ സ്തുതിക്കുകയും പ്രകീർത്തിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നവരാണ്. അല്ലാഹു ഒരു സംഭവമെന്ന രൂപത്തിൽ മാത്രമല്ല, നമ്മോട് ഈ പ്രാർത്ഥനയെക്കുറിച്ച് പറഞ്ഞത്. മറിച്ച്, ഇത് വിവരിച്ചത് ഇതനുസരിച്ച് പ്രവർത്തിക്കാൻ സത്യവിശ്വാസി എപ്പോഴും തയ്യാറായിരിക്കാനും. സൽക്കർമ്മം ചെയ്തുകൊണ്ട് അവരും സുകൃതവാന്മാരുടെ സംഘത്തിൽ ഉൾപ്പെടാനും വേണ്ടിയാണ്.

അല്ലാഹു പറഞ്ഞു: ഞാൻ എന്റെ കാരുണ്യത്തിന്റെ കാഴ്ചകൾ കാണിച്ചുകൊണ്ട് നിങ്ങൾക്കുവേണ്ടി ആകാശവും ഭൂമിയും സൃഷ്ടിച്ചിരിക്കുന്നു.

അതിൽ നിങ്ങൾ ചിന്തിക്കുക. നക്ഷത്രങ്ങൾ ഉണ്ട്, ചന്ദ്രൻ ഉണ്ട്, സൂര്യൻ ഉണ്ട്. അന്തരീക്ഷത്തിൽ വിവിധതരം ഗ്യാസുകളുമുണ്ട്. ചില ആകാശഗോളങ്ങളുടെ ഉപദ്രവത്തിൽനിന്നും നിങ്ങളെ സംരക്ഷിക്കുന്ന ചില ഘടകങ്ങളും ഉണ്ട്. ഓരോ വസ്തുവും അതിന് നിശ്ചയിച്ചിട്ടുള്ള പാതയിലൂടെ ചുറ്റിക്കറങ്ങിക്കൊണ്ടിരിക്കുന്നു. രാവും പകലും സൂര്യനും ചന്ദ്രനും നിങ്ങളുടെ ഭൂമിയിലെ സൃഷ്ടിപ്പിൽ സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുന്നു. വിവിധ കാലാവസ്ഥകളുണ്ട്, മഴയുണ്ട്, തണുപ്പുണ്ട്, ചൂടുണ്ട്. അതിന്റെ കണക്കനുസരിച്ച് വിവിധ കനികളും ധാന്യങ്ങളും അല്ലാഹു ഏർപ്പെടുത്തിത്തന്നിരിക്കുന്നു. തോട്ടങ്ങൾ തുടങ്ങിയവയും ഉണ്ട്. അതിനെ നിങ്ങൾ പ്രയോജനപ്പെടുത്തുന്നു. ആരാണോ ഈ വസ്തുക്കളിൽ ചിന്തിക്കുകയും, അല്ലാഹുവിന്റെ വലുപ്പത്തെ പ്രകീർത്തിക്കുകയും, അവനോട് നന്ദി കാണിക്കുകയും ചെയ്യുന്നത് മരണത്തിനുശേഷം അല്ലാഹുവിന്റെ സന്നിധിയിൽ ഹാജരാവണമെന്ന കാര്യത്തിലും അവർ നിലകൊള്ളുന്നവരാണ്. ലോകത്തെ സംബന്ധിച്ച് അല്ലാഹു പറഞ്ഞിട്ടുള്ള കാര്യങ്ങൾ സത്യമാണെങ്കിൽ പരലോകവും സത്യമാണ്. ഇതെല്ലാം കണ്ടുകൊണ്ട് ഈ സത്യവിശ്വാസി പ്രാർത്ഥിക്കുന്നു: ഞങ്ങളുടെ തെറ്റുകളേയും വീഴ്ചകളേയും പൊറുത്തുതരേണമേ. ഇക്കാരണത്താൽ ഞങ്ങളെ പിടിച്ചു ശിക്ഷിക്കരുതേ. ഞങ്ങളെ പരലോകശിക്ഷയിൽനിന്ന് രക്ഷിക്കേണമേ. ഈ പ്രാർത്ഥന അല്ലാഹു നമ്മെ വിശുദ്ധഖുർആനിൽ പഠിപ്പിച്ചതാണ്. പറയുന്നു: **അല്ലദീന യദ്കുറൂനല്ലാഹ ഖിയാമൻ വ്വഖുഊദൻവ്വഅലാ ജുനൂബിഹിം വ യത്തഫക്കറൂന ഫീ ഖൽഖിസ്സമാവാത്തി വൽഅർള് റബ്ബനാ മാ ഖലഖ്ത്ത ഹാദാ ബാത്തിലൻ സുബ്ഹാനക്ക ഫഖിനാ അദാബന്നാർ** അവർ നിന്നും ഇരുന്നും തങ്ങളുടെ പാർശ്വങ്ങളിൽ കിടന്നും അല്ലാഹുവിനെ സ്മരിച്ചുകൊണ്ടിരിക്കുകയും ആകാശഭൂമികളുടെ സൃഷ്ടിപ്പിനെ സംബന്ധിച്ച് ചിന്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. അവർ നിഷ്കളങ്കമായി പറയുന്നു: ഞങ്ങളുടെ നാഥാ! നീ ഇതെല്ലാം വ്യർത്ഥമായിട്ടല്ല സൃഷ്ടിച്ചത്. നീ പരിശുദ്ധനാണ്. അതിനാൽ നീ ഞങ്ങളെ നരകശിക്ഷയിൽനിന്നും രക്ഷിക്കേണമേ. (3:192)

**റബ്ബനാ മാ ഖലഖ്ത്ത ഹാദാ ബാത്തിലൻ സുബ്ഹാനക്ക ഫഖിനാ അദാബന്നാർ** എന്നതിനെ സംബന്ധിച്ച് ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: അല്ലാഹുവേ, അപൂർണ്ണവും തരംതാണതും ബലഹീനവുമായ കാര്യങ്ങളിൽനിന്നെല്ലാം നീ പരിശുദ്ധനാണ്. നീ ഞങ്ങളെ നരകത്തിന്റെ തീയിൽനിന്ന് രക്ഷിക്കേണമേ. അതായത്, നിന്നെ നിഷേധിക്കുകയെന്നതും നരകമാണ്. നിന്നും ഇരുന്നും തങ്ങളുടെ കിടക്കകളിൽ കിടന്നും അല്ലാഹുവിനെ സ്മരിക്കുന്നവരാണ് സത്യവിശ്വാസികൾ. ആകാശഭൂമികളിൽ എന്തെന്തെല്ലാം വസ്തുക്കളുണ്ടോ അതിൽ ചിന്തിച്ചുകൊണ്ടിരിക്കുന്നവരാണ്. ഈ ലോകത്തെ ഏറ്റവും ലോലമായ വഴികൾ അവർക്കായി തുറക്കുകയും, അല്ലാഹുവിന്റെ സൃഷ്ടിപ്പിന്റെ കാഴ്ചകൾ കാണുകയും ചെയ്യുമ്പോൾ അവർ പറയുന്നു, ഇതൊന്നും നീ വ്യർത്ഥമായിട്ടല്ല സൃഷ്ടിച്ചിട്ടുള്ളത്. അതായത്, ആ പ്രത്യേക സത്യവിശ്വാസികൾ ലോകത്തുള്ള വസ്തുക്കൾ കാണുമ്പോൾ, അവയുടെ ആകൃതി കണ്ടിട്ട് ഉദാഹരണത്തിന് സൂര്യനേയും ചന്ദ്രനേയും നക്ഷത്രങ്ങളേയും കണ്ടിട്ട് അതിന് ഇത്ര വലിപ്പമുണ്ട്, അതിന് ഇത്ര ശക്തിയുണ്ട്, അതിന് ഇത്ര വ്യാസമുണ്ട് എന്നൊക്കെ തിരിച്ചറിഞ്ഞ് അതോടെ കാര്യങ്ങൾ അവസാനിപ്പിക്കുന്ന ഭൗതികരായ ആളുകളെപ്പോലെയായിരിക്കുകയില്ല. മറിച്ച്, നിർമ്മിതവസ്തുവിന്റെ കഴിവുകൾ മനസ്സിലാക്കിയതിനുശേഷം അതിന്റെ നിർമ്മാതാവിലേക്ക് അവർ തിരിയുന്നു. അതിന്റെ പിന്നിലെ സ്രഷ്ടാവ് ആരാണെന്ന് അവർ ചിന്തിക്കുന്നു. അങ്ങനെ അവർ തങ്ങളുടെ ഈമാൻ ശക്തിപ്പെടുത്തുന്നു. സ്രഷ്ടാവിനെക്കുറിച്ച് മനസ്സിലാകുമ്പോൾ അവന്റെ ശക്തിപ്രഭാവത്തെക്കുറിച്ചും മനസ്സിലാകുന്നു. ശക്തിപ്രഭാവത്തെക്കുറിച്ച് മനസ്സിലാകുമ്പോൾ വിശ്വാസം കൂടുതൽ അഭിവൃദ്ധിപ്പെടുന്നു. ഈ വസ്തുക്കളെയെല്ലാം സൃഷ്ടിച്ചിട്ടുള്ള ഒരു ദൈവമുണ്ടെന്ന് തിരിച്ചറിയുമ്പോൾ അവന്റെ അസ്തിത്വത്തിലും ശക്തിയിലുമുള്ള വിശ്വാസവും ദൃഢീകരിക്കുന്നു. അപ്പോൾ ഇവയെയെല്ലാം സൃഷ്ടിച്ചിട്ടുള്ളവൻ, തന്നെ ആരാധിക്കാൻ പറഞ്ഞ ആ ജീവനുള്ള ദൈവമാണെന്നും അറിയുന്നു.

ദുആ ചെയ്യുന്നതിനെക്കുറിച്ചും കർമ്മങ്ങളുടെ സ്ഥിതിയനുസരിച്ച് നല്ലതും ചീത്തയുമായ കർമ്മങ്ങളെക്കുറിച്ചും അവൻ നമുക്ക് പറഞ്ഞുതന്നു. അത് മനസ്സിലാക്കിയ ആൾ പ്രാർത്ഥിക്കുന്നു. അല്ലാഹുവേ, തീയുടെ ശിക്ഷയിൽനിന്ന് രക്ഷപ്പെടുന്നതിനും എനിക്ക് സൽക്കർമ്മം ചെയ്യാൻ ഭാഗ്യം കിട്ടുന്നതിനും നിന്റെ സ്നേഹദൃഷ്ടി എന്റെമേൽ എപ്പോഴും പതിയുന്നതിനും എന്നെ അനുഗ്രഹിക്കേണമേ. പിന്നീട് അല്ലാഹു ഈ പ്രാർത്ഥന പഠിപ്പിച്ചു. ***റബ്ബി ഹബ്ലീ ഹുക്മൻവ്വ അൽഹിഖ്നീ ബിസ്സാലിഹീൻ*** എന്റെ നാഥാ! നീ എനിക്ക് വിവേകജ്ഞാനം നൽകുകയും എന്നെ സുകൃതവാന്മാരിൽ ഉൾപ്പെടുത്തുകയും ചെയ്യേണമേ. (26:84) ഈ പ്രാർത്ഥനയും വളരെ

പ്രധാനപ്പെട്ടതാണ്. അല്ലാഹു സൂക്ഷ്മബുദ്ധി നല്കുമാറാകട്ടെ. വിവേകജ്ഞാനവും നല്കുമാറാകട്ടെ. ഏൽപ്പിക്കപ്പെട്ട ജോലികൾ നല്ലനിലയിൽ ചെയ്തു തീർക്കാനുള്ള തൗഫീഖും നൽകുമാറാകട്ടെ. ജപ്പാനിലെ ജമാഅത്തിന്റെ ഉത്തരവാദിത്തം ഏൽപിക്കപ്പെട്ടിരിക്കുന്നത് നിറവേറ്റാനുള്ള തൗഫീഖ് നൽകുമാറാകട്ടെ. എവിടെയൊക്കെ ശരിയായ തീരുമാനമെടുക്കണമോ അവിടെയൊക്കെ അതിനുള്ള കഴിവും പ്രദാനം ചെയ്യുമാറാകട്ടെ. അഭിവൃദ്ധി നൽകിയും അനുഗ്രഹിക്കുമാറാകട്ടെ. അഭിവൃദ്ധികൊണ്ട് അനുഗ്രഹിക്കുക എന്ന് ഒരു ദാസൻ പറയുമ്പോൾ അവൻ അതിനുവേണ്ടിയാണ് ഇതെല്ലാം ചോദിക്കുന്നത്. അല്ലാഹുവേ, നിന്റെ തൃപ്തിക്കുവേണ്ടി പ്രവർത്തിച്ചുകൊണ്ട് മുന്നോട്ടുപോകാൻ എനിക്ക് കഴിവ് നൽകിയാലും. അല്ലാഹുവേ നിന്റെ കൽപനകളെക്കുറിച്ച് എനിക്ക് മനസ്സിലാക്കിത്തന്നാലും എന്ന പ്രാർത്ഥനയും ഇതിലുണ്ട്. ഈ പ്രത്യേകതകളെല്ലാം ലഭിച്ചുകൊണ്ട് ഞാൻ നിന്റെ സുകൃതവാന്മാരുടെ കൂടെ ഉൾപ്പെടുകയും ഈ നന്മയുടെ നില ഉയരുകയും വേണം. പിന്നീട് പറഞ്ഞു. ***വജ്അൽലീ ലിസാന സ്വിദ്ഖിൻ ഫിൽആഖിരീൻ.*** എനിക്കുവേണ്ടി പിൻതലമുറകളിൽ സത്യം പറയുന്ന നാവുകൾ നീ നിശ്ചയിക്കേണമേ. (26:85) അതായത് പിന്നീട് വരുന്ന ആളുകളും ഞാൻ എപ്പോഴും സത്യത്തിനും ന്യായത്തിനും ഒപ്പമാണ് നിന്നതെന്ന് സാക്ഷി പറയണം. വിവേകത്തോടും ബുദ്ധിപരമായും തീരുമാനമെടുത്തുവെന്നും അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിച്ചുവെന്നും അല്ലാഹുവിന്റെ തൃപ്തി ലഭിക്കണമെന്ന വിചാരമായിരുന്നു എപ്പോഴും ഉണ്ടായിരുന്നതെന്നും പറയണം. പിന്നീട് ഏറ്റവും പ്രധാനപ്പെട്ട ഈ ദുആയും പഠിപ്പിച്ചു. ***വജ്അൽനീ മിൻവ്വറസത്തി ജന്നത്തിന്നഈം.*** നീ എന്നെ സുഖാനുഭൂതിയുടെ സ്വർഗ്ഗത്തിന്റെ അവകാശികളിൽപ്പെട്ടവനാക്കേണമേ.(26:86) നിന്റെ എല്ലാ അനുഗ്രഹങ്ങളും കൈവരിച്ചുകൊണ്ട് പോകാൻ കഴിയുന്ന സ്വർഗ്ഗത്തിന്റെ അവകാശിയാക്കേണമേ. ജന്നത്തിൽ എന്റെ നില ഉയർന്നുകൊണ്ടേയിരിക്കണം. ഈ നല്ല സ്മരണകളും ജനങ്ങളുടെ ദുആകളും മക്കളുടെ നന്മകളും പ്രാർത്ഥനകളും മരിക്കുന്നയാളുടെ പരലോക പദവി വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നതാണ്. ഈ ലോകത്തിലെ നന്മകളുടേയും തത്വജ്ഞാനങ്ങളുടേയും കാര്യങ്ങളും അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുകൃതവാന്മാരിൽ ഉൾപ്പെടലും സ്വർഗ്ഗത്തിൽ ഉത്തമമായ പദവി നൽകുന്നതായി തീരാറുണ്ട്. സ്വർഗ്ഗത്തിൽ ഉന്നതമായ പദവി കിട്ടുന്നതിന് പ്രാർത്ഥനയിലേക്ക് ശ്രദ്ധയുണ്ടാകുമ്പോൾ തീർച്ചയായും മനുഷ്യൻ ഇവിടേയും അല്ലാഹു കൽപ്പിച്ച കർമ്മങ്ങൾ ചെയ്യാൻ ഉത്സാഹിക്കുന്നതാണ്.

സൽപേര് മക്കൾ മുഖേനയും ലോകത്ത് ലഭിക്കാറുണ്ട്. അതുകൊണ്ട് അല്ലാഹു ഈ ദുആയും നമ്മെ പഠിപ്പിച്ചു. ഈ ലോകത്തെ സ്വർഗ്ഗമാക്കി മാറ്റുന്നതിനും പരലോകത്തെ സ്വർഗ്ഗത്തിന് അവകാശികളാകുന്നതിനും വേണ്ടി നിങ്ങളുടെ ഭാര്യാമക്കൾക്കുവേണ്ടിയും ദുആ ചെയ്യുക. അവർക്കുവേണ്ടിയുള്ള ഏറ്റവും വലിയ പ്രാർത്ഥന അവർ ഭയഭക്തിയിൽ നിലകൊള്ളുന്നതിനുവേണ്ടിയുള്ള പ്രാർത്ഥനയാണ്.

**വല്ലദീന യഖൂലൂന റബ്ബനാ ഹബ്‌ലനാ മിൻ അസ്‌വാജിനാ വ ദുർരിയ്യാത്തിനാ ഖുർറത്ത അഅ്യുനിൻ വ്വജ്അൽനാ ലിൽമുത്തഖീന ഇമാമാ** അവർ പറയുന്നു. ഞങ്ങളുടെ നാഥാ! ഞങ്ങളുടെ ഇണകളിൽനിന്നും ഞങ്ങളുടെ സന്തതികളിൽനിന്നും ഞങ്ങൾക്ക് നീ കൺകുളിർമ്മ പ്രദാനം ചെയ്യേണമേ. ദോഷബാധയെ സൂക്ഷിക്കുന്നവർക്ക് ഞങ്ങളെ നേതാവാക്കേണമേ. (25:75)

ഇതുസംബന്ധമായി ഹസ്‌റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. വിവാഹംകൊണ്ട് മറ്റൊരുദ്ദേശ്യവും കൂടിയുണ്ട്. അതിലേക്ക് വിശുദ്ധഖുർആനിലും സൂറത്തുൽ ഫുർഖാനിലും സൂചനയുണ്ട്. അതിതാണ്. **വല്ലദീന യഖൂലൂന റബ്ബനാ ഹബ്‌ലനാ മിൻ അസ്‌വാജിനാ വ ദുർരിയ്യാത്തിനാ ഖുർറത്ത അഅ്യുനിൻ വ്വജ്അൽനാ ലിൽമുത്തഖീന ഇമാമാ**

സത്യവിശ്വാസി ഇങ്ങനെ ദുആ ചെയ്യുന്നു. ഞങ്ങളുടെ അല്ലാഹുവേ! ഞങ്ങൾക്ക് ഞങ്ങളുടെ ഭാര്യമാരെക്കുറിച്ചും മക്കളെക്കുറിച്ചും മനസ്സിന് കുളിർമ്മ നല്കിയാലും. ഞങ്ങളുടെ ഭാര്യമാരേയും ഞങ്ങളുടെ മക്കളേയും സൽസ്വഭാവികളാക്കേണമേ. ഞങ്ങളെ അവരുടെ നേതാവാക്കേണമേ. പിന്നീട് പറഞ്ഞു: തനിക്ക് മക്കളുണ്ടാകണമെന്ന ആഗ്രഹം എന്തുകൊണ്ടുണ്ടാകുന്നുവെന്ന് മനുഷ്യൻ ചിന്തിക്കേണ്ടതാണ്. എന്തുകൊണ്ടെന്നാൽ വിശപ്പും ദാഹവുംപോലെ അതിനെ വെറും സ്വാഭാവികമായ ആഗ്രഹം എന്ന നിലയിൽ പരിമിതപ്പെടുത്തിവയ്ക്കാൻ പാടില്ല. എന്നാൽ, ഈ ആഗ്രഹം ഒരു പ്രത്യേക പരിധി കഴിഞ്ഞാൽ തീർച്ചയായും അതിനെ സംസ്കരിച്ചെടുക്കുന്നതിനുവേണ്ടി ചിന്തിക്കേണ്ടതാണ്. അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചത് അവനെ ആരാധിക്കുന്നതിനുവേണ്ടിയാണ്. അവൻ പറഞ്ഞു: ***മാ ഖലഖ്തുൽജിന്ന വൽഇൻസ ഇല്ലാ ലിയഅ്ബുദൂൻ*** (51:57). മനുഷ്യൻ സ്വയം സത്യവിശ്വാസിയും സത്യ

സന്ധനായ ദാസനുമാകുകയും തന്റെ ജീവിതത്തിന്റെ യഥാർത്ഥ ഉദ്ദേശ്യം പൂർത്തിയാക്കുകയും ആരാധനാകർമ്മങ്ങൾ നിർവ്വഹിക്കുകയും ചെയ്യാതെ കുറ്റകൃത്യങ്ങളിൽ മുഴുകി ജീവിക്കുകയും പാപത്തിനുമേൽ പാപം ചെയ്യുകയുമാണെങ്കിൽ, അത്തരം ആളുകൾ മക്കളുണ്ടാകണമെന്നാഗ്രഹിച്ചാൽ അതിന്റെ ഫലം എന്തായിരിക്കും. പാപം ചെയ്യുന്നതിനുവേണ്ടി തന്റെ ഒരു പ്രതിനിധിയെ സൃഷ്ടിച്ചുവിടാൻ ആഗ്രഹിക്കുന്നുവെന്നല്ലാതെ മറ്റെന്താണ്.

മതവിശ്വാസികളും ഭയഭക്തിയുള്ളവരും, ദൈവത്തെ അനുസരിക്കുന്നവരും അവന്റെ ദീനിനുവേണ്ടി സേവനം ചെയ്യുന്നവരുമായ മക്കളുണ്ടാകണമെന്ന ആഗ്രഹമില്ലെങ്കിൽ അത് തികച്ചും നിരർത്ഥകവും എന്നല്ല ഒരുതരത്തിലുള്ള പാപവുമാണ്. ബാഖിയാത്തുസ്സ്വാലിഹാത്തിനു പകരം അതിന്റെ പേര് ബാഖിയാതുസയ്യിആത്ത് എന്നു പറയാവുന്നതാണ്. എന്നാൽ, താൻ സാത്വികരും ദൈവഭയമുള്ളവരും ദീനീസേവനം ചെയ്യുന്നവരുമായ മക്കളെയാണ് ആഗ്രഹിക്കുന്നതെന്ന് ആരെങ്കിലും പറഞ്ഞാൽ, അവൻ തന്റെ ജീവിതത്തിൽ പരിശുദ്ധമായ പരിവർത്തനം ഉണ്ടാക്കാത്തിടത്തോളംകാലം അത് ഒരു പൊള്ളവാദമായിരിക്കും. സ്വയം പാപപങ്കിലമായ ജീവിതം നയിക്കുകയും താൻ ദൈവഭയമുള്ള മക്കളെ ആഗ്രഹിക്കുന്നുവെന്ന് നാവുകൊണ്ട് പറയുകയും ചെയ്താൽ അവൻ തന്റെ വാദത്തിൽ പെരുങ്കള്ളനാണ്. സ്വാലിഹും മുത്തഖിയുമായ മക്കളുണ്ടാകുന്നതിന് ആഗ്രഹിക്കുന്നതിനു മുമ്പേ സ്വയം പരിവർത്തനമുണ്ടാക്കേണ്ടത് നിർബന്ധമാണ്. തന്റെ ജീവിതത്തെ മുത്തഖികളുടെ ജീവിതമാക്കി മാറ്റേണ്ടതാണ്. അപ്പോൾ അയാളുടെ ആഗ്രഹം ഒരു ഫലപ്രദമായ ആഗ്രഹമായിത്തീരും. അത്തരം മക്കൾ, ബാഖിയാത്തുസ്സ്വാലിഹാത്തിന്റെ പ്രതീകങ്ങളെന്ന് പറയപ്പെടാൻ അർഹരായിരിക്കും. എന്നാൽ ഈ ആഗ്രഹം തങ്ങളുടെ പേരു നിലനില്ക്കണം എന്നും തങ്ങളുടെ സ്വത്തുക്കളുടെ അവകാശികളായിരിക്കണമെന്നും മാത്രമാണെങ്കിൽ, അത്തരം ആഗ്രഹം എന്റെ ദൃഷ്ടിയിൽ ശിർക്കാണ്.

വീണ്ടും പറഞ്ഞു. നന്മയുടെ ചട്ടങ്ങളുടെ അടിസ്ഥാനത്തിലായിരിക്കണം മക്കളെ ആഗ്രഹിക്കേണ്ടത്. ഒരു പാപത്തിന്റെ പ്രതിനിധി ബാക്കിയാവണം എന്ന വിചാരത്താലായിരിക്കരുത്. തന്നെക്കുറിച്ച് ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: എനിക്കൊരിക്കലും സന്താനങ്ങളെ സംബന്ധിച്ച് ആഗ്രഹം ഉണ്ടായിട്ടില്ലെന്ന് അല്ലാഹുവിന് നല്ലവണ്ണം അറിയാം. വാസ്തവത്തിൽ അല്ലാഹു 15-നും 16-നും ഇടയ്ക്കുള്ള പ്രായത്തിൽ മക്കളെ തന്നു. സുൽത്താൻ അഹ്മദും ഫസ്ൽ അഹ്മദും ഈ പ്രായത്തിലാണ് ജനിച്ചത്. അവർ ഭൗതികലോകത്ത് ഉന്നതരാകണമെന്ന ആഗ്രഹവും ഉണ്ടായിട്ടില്ല.

മറ്റൊരു കാര്യവും കൂടിയുണ്ട്. മക്കളുണ്ടാകണമെന്ന് ജനങ്ങൾ വളരെ ആഗ്രഹിക്കുന്നു. മക്കളുണ്ടാകുന്നുമുണ്ട്. എന്നാൽ, മക്കളുടെ തർബിയ്യത്തുകാര്യത്തിലും അവരെ സൽക്കർമ്മകാരികളാക്കി തീർക്കുന്നതിലും അല്ലാഹുവിനെ അനുസരിക്കുന്നവരാക്കി തീർക്കുന്നതിലും ശരിയായനിലയിൽ ചിന്തിക്കുന്നത് ഒരിക്കലും കണ്ടിട്ടില്ല. അവർക്കുവേണ്ടി ഒരിക്കലും പ്രാർത്ഥിക്കുന്നില്ല. അവരുടെ ഘട്ടം ഘട്ടമായുള്ള ശിക്ഷണകാര്യങ്ങളും ഗൗനിക്കുന്നില്ല. എന്റെ മക്കൾക്കും എന്റെ സുഹൃത്തുക്കൾക്കും എന്റെ ഭാര്യയ്ക്കും വേണ്ടി ദുആ ചെയ്യാതെ ഒരു നമസ്കാരവും അവസാനിപ്പിക്കാറില്ല എന്നതാണ് എന്റെ അവസ്ഥ. തങ്ങളുടെ കുട്ടികൾക്ക് ചീത്തശീലം പഠിപ്പിക്കുന്ന ഒരുപാട് മാതാപിതാക്കളുണ്ട്. ആരംഭത്തിൽ അവർ തിന്മ ചെയ്യാൻ പഠിക്കുമ്പോൾ, അവരെ പിന്തിരിപ്പിക്കുകയില്ല. അതിന്റെ ഫലമായി അവർ നിത്യേന തന്റേടികളായി മാറുന്നു.

പറഞ്ഞു. ആളുകൾ മക്കളുണ്ടാകണമെന്ന് ആഗ്രഹിക്കുന്നു. എന്നാൽ, ദീനിനു സേവനം ചെയ്യുന്ന മക്കളുണ്ടാകുന്നതിനല്ല. മറിച്ച്, ലോകത്ത് അവർക്ക് ഒരു അവകാശിയുണ്ടാകണം. മക്കളുണ്ടായാൽ അവരുടെ ശിക്ഷണത്തെക്കുറിച്ച് ചിന്തിക്കുകയില്ല. തെറ്റ് ചെയ്താൽ ശിക്ഷിക്കുകയോ, സ്വഭാവം നന്നാക്കിയെടുക്കാൻ ശ്രമിക്കുകയോ ചെയ്യുന്നില്ല. അടുത്തബന്ധം മനസ്സിലാക്കാത്തവരുടെ ഈമാൻ ശരിയായിരിക്കുകയില്ല എന്ന കാര്യം ഓർമ്മിച്ചുകൊള്ളുക. അതായത്, അടുത്തബന്ധങ്ങൾ മനസ്സിലാക്കാതിരിക്കുക. അത് മനസ്സിലാക്കാൻ കഴിയാത്തവനിൽനിന്ന് മറ്റെന്തു നന്മ പ്രതീക്ഷിക്കാനാണഅ. മക്കളുണ്ടാകണമെന്ന ആഗ്രഹത്തെ അല്ലാഹു വിശുദ്ധ ഖുർആനിൽ ഇങ്ങനെ വിവരിച്ചിരിക്കുന്നു.

***റബ്ബനാ ഹബ്‌ലനാ മിൻ അസ്‌വാജിനാ വ ദുർരിയ്യാത്തിനാ ഖുർറത്ത അഅ്‌യുനിൻവ്വജ്അൽനാ ലിൽ മുത്തഖീന ഇമാമാ.*** അതായത്, അല്ലാഹു നമുക്ക് നമ്മുടെ ഭാര്യമാരിൽനിന്നും മക്കളിൽനിന്നും കൺകുളിർമ്മ നല്കുമാറാകട്ടെ. പാപപങ്കിലമായ ജീവിതം നയിക്കാതെ പരമകാരുണികനായ ദൈവത്തിന്റെ ദാസരുടെ ജീവിതം നയിക്കുകയും അല്ലാഹുവിനെ എല്ലാ കാര്യത്തിലും മുന്തിക്കുകയും ചെയ്യുമ്പോഴാണ് ഇത് കൈവരുന്നത്. പിന്നീട് തുറന്നുപറ

ഞ്ഞു. ***വജ്അൽനാ ലിൽമുത്തഖീനഇമാമ.*** മക്കൾ നല്ലവരും മുത്തഖികളുമാണെങ്കിൽ, ഇവർ അവരുടെ ഇമാമുമായിരിക്കും. മുത്തഖിയായിത്തീരുന്നതിനും ഇതിൽ പ്രാർത്ഥനയുണ്ട്.

ഈ നിലയാണ്, ഹസ്റത്ത് മസീഹ് മൗഊദ്(അ) ഓരോ അഹ്മദിയിൽനിന്നും അവരുടെ മക്കളെക്കുറിച്ച് കാണാൻ ആഗ്രഹിക്കുന്നത്. അതിനുവേണ്ടി അവിടന്ന് ഖുർആന്റെ കല്പനയനുസരിച്ച് കുട്ടികളെ വളർത്തിക്കൊണ്ടുവരാൻ അവരുടെ ശിക്ഷണകാര്യത്തിലും അവർക്കുവേണ്ടിയുള്ള പ്രാർത്ഥനയിലും ഒരുപാട് ശക്തി ചെലുത്തിയിരിക്കുന്നു. ഇതിനുവേണ്ടി അവിടന്ന് പറഞ്ഞു: ഓരോരുത്തരും ആദ്യം തങ്ങളിൽ പരിവർത്തനം ഉണ്ടാക്കുക. ഇല്ലെങ്കിൽ ഈ പ്രാർത്ഥന നിങ്ങളുടെ ആത്മാവിന്റെ വഞ്ചനയാണ്. കളവാണ്. സ്വന്തം ആത്മാവിനേയും വഞ്ചിക്കുന്നു. അല്ലാഹുവിനെ വഞ്ചിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. പറഞ്ഞു: മുത്തഖിയായ മക്കൾക്കുവേണ്ടി, സ്വയം സൽക്കർമ്മങ്ങൾ ചെയ്യേണ്ടതായി വരും. ദുആ സ്വീകാര്യത്തിനായി, ഞാൻ പറഞ്ഞകാര്യങ്ങൾ ചെയ്യേണ്ടതായി വരും. ആ അവസ്ഥ ഉണ്ടായിക്കഴിഞ്ഞാൽ ഇൻശാഅല്ലാഹ് അല്ലാഹു വാഗ്ദാനം ചെയ്തതുപോലെ, ദുആ സ്വീകരിക്കപ്പെടും.

അതുകൊണ്ട് ഓരോ അഹ്മദിയും പൊതുവെ, ഓരോ അഹ്മദികുട്ടിയും തന്റെ മക്കൾ അമാനത്താണെന്ന് മനസ്സിലാക്കി, പ്രവർത്തിക്കേണ്ടതാണ്. തങ്ങളുടെ മക്കളെ വഖ്ഫെ നൗ പദ്ധതിയിൽ ചേർത്തിട്ടുള്ള ഓരോ അഹ്മദിയും ഒരു പ്രായം എത്തിക്കഴിഞ്ഞആൽ ഇസ്മാഈലിനെപോലെ ത്യാഗം ചെയ്യാനാണ് സമർപ്പിച്ചിട്ടുള്ളത്. അതുകൊണ്ട് ഇബ്റാഹീം(അ)യുടെ മാതൃക കാണിക്കാനും ഓരോരുത്തരും ബാധ്യസ്ഥരാണ്. ദുആ സ്വീകരിക്കപ്പെടുന്നതിനുള്ള നിർബന്ധകാര്യങ്ങൾ പൂർത്തിയാക്കുന്നവരായിത്തീരുകയാണെങ്കിൽ അല്ലാഹുവിന്റെ വാഗ്ദത്തമനുസരിച്ച് ഇൻശാഅല്ലാഹ് ദുആ സ്വീകരിക്കപ്പെടുന്നതാണ്. അല്ലാഹു ഓരോരുത്തർക്കും ദുആ സ്വീകാര്യതയുടെ തത്ത്വശാസ്ത്രം മനസ്സിലാക്കിക്കൊണ്ട് തങ്ങളുടെ പ്രാർത്ഥനയുടെ നില മെച്ചപ്പെടുത്താൻ തൗഫീഖ് നല്കുമാറാകട്ടെ. ഖുർആനിക പ്രാർത്ഥനകൾ ഇൻശാഅല്ലാഹ് തുടർന്നും വിവരിക്കുന്നതാണ്.


Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 22.9.2006 at Baithul Futuh, London

*Translated by: Muhammad Ismail, Alleppey*
0497 2702562; Mob: 94466 56123
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala